ലക്കം 54

# ഇതളുകൾ

eMagazine



# ഇതളുകൾ വിരിയുമ്പോൾ



ഡോ.സത്യൻ പൂക്കുട്ടത്ത്
ചീഫ് എഡിറ്റർ
ഇതളുകൾ



കവർ പെയിന്റിങ്
ദയ മഹേശ്വരൻ


02 ഇതളുകൾ വിരിയുമ്പോൾ

03 മൈനാകമൗനം
അശോക് കുമാർ (കവിത)

04 വെളിച്ചം കൊയ്യുന്നോർ
സീന ശ്രീവത്സൻ (കവിത)

05 മാമ്പഴം
നിധീഷ് പ്രേംകുമാർ (കഥ)

09 Unknowingly
Dr. Jayasree Ramakrishnan Nair (Poem)

10 വേനൽ
സുസ്മിത കമൽ (കവിത)

11 പാഠം ഒന്ന് - Midnight become my afternoon
Nysha Anish (Poem)

12 ജന്നാത്തുൽ ഫിർദൌസിന്റെ മണമുള്ള കത്ത്
പാളയം മസൂദ് (കഥ)

16 മാ നിഷാദാ
സമീന യൂസഫ് (കവിത)

17 പുതിയ വിത്ത്
ഡോ. ഇന്ദുലാൽ ജി (കവിത)



**Design & Layout**

EMERGE INFOTECH
www.emergeinfotech.com

Please visit www.sgmalayalees.com for your free online copies of Ithalukal

The articles of Ithalukal are the visions and expressions of authors only. We respect your valuable feedback and inviting genuine creations/ articles for the next edition. Kindly email to Ithalukal: editors@sgmalayalees.com



# മൈനാകമൗനം

അനന്തവിഹായസ്സ് അവന്റെ കളിത്തൊട്ടിലായിരുന്നു.
ആകാശപഥങ്ങളിൽ ചിറകുകൾ വിരിച്ച്, മേഘങ്ങളെ തഴുകി അവൻ നൃത്തമാടിയിരുന്നു...
നക്ഷത്രങ്ങൾ അവന്റെ കാതിൽ ചിറകുകളുടെ രഹസ്യങ്ങൾ ചൊല്ലുമായിരുന്നു.
അനന്തതയുടെ അർത്ഥമറിഞ്ഞ്, സ്വതന്ത്രതയുടെ സൂര്യജ്വാലകളായി, ഒരു സ്വർണ പക്ഷിപോലെ,  ഒരു വിൺതൂവൽ പോലെ അവൻ പാറി പറന്നിരുന്നു...

“നിന്റെ ചിറകുകൾ, നിന്റെ പ്രവേഗം  അതപകടമാണ്”
ഉഗ്രശാസനം ഒരു ഇടിത്തീയായ്...
അവരുടെ വാക്കുകൾ അവനെ അചലനാക്കി.
അവൻ തകർന്ന ഒരു നക്ഷത്രവീണയായി.
സ്വാതന്ത്ര്യത്തിന്റെ സംഗീതം
അവന്റെ ഉള്ളിൽ മങ്ങിയൊരു പ്രതിധ്വനിയായ് മാറി.
‘ചിറകുകൾ നഷ്ടപ്പെട്ടാൽ?‘ ഭയ വിഹ്വലതകളോടെ അവൻ ആഴിയുടെ ആഴങ്ങളിലേക്കൂർന്നിറങ്ങി...
തിരമാലകളുടെ മറവിൽ തന്റെ വേദന മൂടി ആ കുഞ്ഞു പർവതം നിശബ്ദമായി ശ്വസിച്ചു...

എങ്കിലും, സമുദ്രത്തിന്റെ ആഴം അവനെ വിഴുങ്ങിയിരുന്നില്ല.
എന്റെ ചിറകുകൾ, ഭാവിയുടെ സാധ്യതകൾ
എന്റെ സ്വാതന്ത്ര്യം, അനന്തതയുടെ അമരത്വം.
നിശബ്ദസരസ്സിന്റെ മഹാമൗനത്തിലിരുന്ന്
മൈനാകം സ്വയം ചോദിച്ചുകൊണ്ടേയിരുന്നു...
ചിലപ്പോഴൊക്കെ അലകളോടും
തിരമാലകൾ മറുപടി നൽകിഅറിയുക
‘ആകാശം നിന്നിൽ തന്നെയാണ്; പറക്കാനുള്ള മനസ്സ് തീ പോലെ നിത്യമാണ്‘.

അവനറിഞ്ഞു... സ്വാതന്ത്ര്യം എന്റെ ശ്വാസം!
കാറ്റിന്റെ വഴിയിൽ പറക്കാൻ ചിറകുകൾ മാത്രം മതിയോ?
ധൈര്യം തന്നെയല്ലേ ആകാശത്തിന്റെ യഥാർത്ഥ വാതിൽ!
അചലത കൈവിട്ട്, മൗനം ഭഞ്ജിച്ച്,
അലകളിടയിലൂടെ അവനുയർന്നു. അനന്തതയിലേക്ക്..
അമരത്വത്തിലേക്ക്...



അശോക് കുമാർ

കവിത





സീന ശ്രീവത്സൻ

# വെളിച്ചം കൊയ്യുന്നോർ

ഉത്സവത്തിന്റെ ആവേശച്ചൂടിൽ പഴുത്തൊരുച്ചയ്ക്ക്
പുകച്ചുരുളുകൾ പോലെ
വളഞ്ഞും പുളഞ്ഞുമവർ
മെലിഞ്ഞുണങ്ങിയ കൈകളാൽ
സ്വപ്നങ്ങളിലേയ്ക്ക്
വെടിമരുന്ന് നിറയ്ക്കുന്നു.
ഇല്ലായ്മയുടെ കയ്പ്പിൽ നിന്ന്
തിരികൾ പിരിക്കുന്നു.

പൂരത്തിന്റെ ഇരമ്പലിൽ
പതിഞ്ഞുനടന്നും ശ്വാസമടക്കിയും
പുലരിയിൽ കെട്ടുപോയേക്കാവുന്ന
ജീവിതത്തിന്റെ രണ്ടറ്റങ്ങൾ
നെയ്തെടുക്കുന്നു.

ഒരു തിരി വളരുന്നു.
വാ തുറക്കുന്നു.

കരിഞ്ഞുണങ്ങിയ പൂക്കളെപ്പോലെ ഉടലുകൾ ചിതറുന്നു,
വെള്ളിവെളിച്ചത്തിന്റെ ആഴങ്ങളിൽ
നിലവിളികളൊടുങ്ങുന്നു.
ആകാശത്തിലെ വന്യമായ
പൂവിടർച്ചയിൽ കണ്ണുനട്ട്—
മണൽപ്പരപ്പിനപ്പുറം ജനം.

ചുവന്ന ചെണ്ടുമല്ലികൾ,
സ്വർണ്ണ വെള്ളച്ചാട്ടങ്ങൾ,
ആ വർണ്ണക്കാഴ്ചയ്ക്ക് അനുസാരിയാകുന്ന കൈയടികൾ.

ഗന്ധകപ്പുകയ്ക്കുള്ളിലെരിയുന്ന അദൃശ്യമായ ചിത
ആരും  കാണുന്നില്ല;
മേളപ്പദങ്ങളിൽ, ആനച്ചമയത്തിൽ
കുടമാറ്റത്തിന്റെ നിറഭേദങ്ങളിൽ
അവരുടെ ചാരം നീറിയൊടുങ്ങുന്നു.

ഉത്സവം തുടരുന്നു.
ആകാശത്തിലെ പൂത്തിരകളിൽ
ഭൂമിയിലെ വിളക്കുകൾ കെട്ടുപോകുന്നു.

കഥ





നിധീഷ് പ്രേംകുമാർ

# മാമ്പഴം

രാത്രിയിൽ പെയ്ത മഴയിൽ മണ്ണും ചെടികളും പൂവുകളും കുളിച്ചീറനണിഞ്ഞു നല്ലൊരു പുതുദിനത്തിനെ വരവേൽക്കാൻ തയ്യാറായി നിന്നു. മടികൂടാതെ സൂര്യൻ പതിയെ വന്നു സുപ്രഭാതം പറയുന്നുണ്ട്. പുറത്തെ തണുപ്പിനെ തോൽപ്പിച്ച പുതപ്പു, കണ്ണനെ സൂര്യൻ കാണാതെ ഇറുകെ പുണർന്നു ഒളിപ്പിപ്പിച്ചിരുന്നു. കണ്ണാ കണ്ണാ... എന്നുള്ള അമ്മയുടെ വിളിയുടെ ഇടവേളകൾ കുറഞ്ഞപ്പോൾ കണ്ണൻ മെല്ലെ പുതിയൊരുന്നിലേക്കിറങ്ങി. എന്നത്തേയും പോലെ കണ്ണനു പള്ളിക്കൂടത്തിൽ പോണ്ട എന്നുള്ള പ്രഭാതഗീതവും വെച്ച് ഏട്ടനെയൊന്നെത്തിനോക്കി. ഏട്ടൻ നേരത്തെ എഴുന്നേറ്റു പഠനത്തിൽ മുഴുകിയിരുന്നു അന്നും. കണ്ണൻ്റെ ശല്യമേറുമ്പോൾ മാത്രമേ അങ്ങനെ ഒരു ജീവി അവിടെയുണ്ടെന്നു നാടും വീടും അറിയുകയുള്ളൂ. അടുക്കളയിൽ അമ്മയെ കണ്ടു മുറ്റത്തേക്കിറങ്ങി. ഇന്നലെ കൊത്തിയിറങ്ങിയ കോഴിക്കുഞ്ഞുങ്ങൾ

തള്ളക്കോഴിയുടെ കൂടെ ചിക്കിപ്പെറുക്കുന്നുണ്ട് പിന്നാമ്പുറത്തു. പല്ലു തേപ്പിനിടെ വെള്ളകുഞ്ഞനെ തൊടാൻ നോക്കിയ കണ്ണനെ തള്ളക്കോഴി തറപ്പിച്ചൊന്നു വിരട്ടി വിട്ടു. അമ്മയുടെ ശകാരത്തിനു വഴങ്ങി അവൻ ഇട്ട നിക്കറും അഴിച്ചു സ്വതന്ത്രനായി കുളിക്കാനിറങ്ങി. അടുക്കളയിൽ അമ്മ ആകാശവാണിയുടെ പ്രഭാതഭേരിക്കൊപ്പിച്ചു തേങ്ങ ചിരവുന്നുണ്ട്. ചട്ണിക്കാവും, എന്തായാലും കണ്ണന് മുട്ട നിർബന്ധ രാവിലെ. കണ്ണന് വീട്ടിൽ ഏറ്റവുമിഷ്ടം അവൻറെ അമ്മയുടെ അടുക്കളയാണ്. അമ്മയുടെ അടുക്കള സഹായികൂടെയാണു കണ്ണൻ. രാവിലെകൾ എപ്പോളും അമ്മക്ക് തിരക്കാണ്. അച്ഛനാണ് ആദ്യം പോകുക കമ്പനിയിലേക്ക്, അത് കഴിഞ്ഞാണ് കണ്ണൻറെ ഊഴം.

പണ്ടൊക്കെ പരിസരത്തുള്ള കുട്ടികൾ കൂട്ടമായാണ് സ്കൂളിലേക്ക് പോകുക. അവരുടെ കൂട്ടത്തിലെ മുതിർന്ന കുട്ടിയായിരിക്കും അവരെ നയിക്കുക. അതുപോലെ അവനുമുണ്ടായിരുന്നു ഒരു സംഘം. മിക്കവാറും പതിനൊന്നു, അല്ലെങ്കിൽ പത്തു. എല്ലാപേരും അവൻറെ വീട്ടിൽ എത്തി അവിടുന്നാണ് പുറപ്പെടുക. വെളുത്തു തടിച്ചുരുണ്ട അവൻറെ തക്കുടുക്കോലം പോകുന്ന വഴികളിലുള്ളവരുടെ കുശലം ചോദിക്കലിന് പലപ്പോഴും പാത്രമായിരുന്നു. രാവിലെ പോകുമ്പോൾ അവനെ നല്ലോണം ഒരുക്കിയാണ് അമ്മ വിടാറുള്ളത്, തിരികെയെത്തുമ്പോൾ കൽപ്പണിക്കാർ വരെ മൂക്കത്തു വിരൽ വെക്കും വിധം ഒരുങ്ങിയാണ് വരാറുള്ളത്. മുന്നിൽ നയിക്കുന്ന ആളെ കുട്ടികൾ പിന്തുടരുക എന്നതാണ് സംഘത്തിൻറെ നിയമം. അല്ലെങ്കിൽ വൈകീട്ട് നായകൻ പരാതി കൊടുക്കും അമ്മക്കൂട്ടത്തിലേക്കു. വളവിലെ ഉണ്ണിയേട്ടന്റെ മാഞ്ചോടെത്തുമ്പോൾ അവർ തിരിഞ്ഞു നോക്കി, അവരെ തന്നെ നോക്കി നിൽക്കുന്ന അമ്മക്കൂട്ടത്തിനു ഉമ്മകൾ വാരി വിതറി സഞ്ചാരം തുടങ്ങും. ചുറ്റും അമ്പരചുംബികൾ ഏതുമേ ഇല്ല, വലിയ പറമ്പുകൾക്കു നടുവിൽ കുറേ ഓടിട്ട വീടുകൾ മാത്രം. മനുഷ്യരേക്കാൾ മരങ്ങളുള്ള കാലം, ചൂടിനേക്കാൾ തണുപ്പുള്ള കാലം. കണ്ണനു അവൻറെ അമ്മയെ പിരിയാൻ മടിയാണു, പക്ഷേ പക്ഷേ എല്ലാരും പറയും അവനു പള്ളിക്കൂടത്തിൽ പോകാനാണു മടിയെന്നു.

കണ്ണൻ കാണുമ്പോൾ എല്ലാം ഉണ്ണിയേട്ടൻ ഒരു കാവി മുണ്ടുടുത്ത് ഉമ്മറക്കോലായിൽ എന്തോ ആലോചിച്ചിരിക്കും. ചീകാതെ അലസമായിക്കിടക്കുന്ന മുടി തോളറ്റം തൊടുന്നുണ്ടാകും, കണ്ണുകളിൽ സദാ ദുഃഖഭാവം. മുഖത്തെ കുറ്റിത്താടി ആ ഭാവത്തിന് സാന്ദ്രത കൂട്ടിയിരുന്നു. ആര് വന്നാലും പോയാലും ഉണ്ണിയേട്ടൻ ഏതൊരു ഭാവം മാറ്റവും ഇല്ലാതെ മാവിലകൾ നോക്കി ദിവാസ്വപ്നങ്ങൾ നെയ്തു കൊണ്ടേയിരിക്കും. ഉണ്ണിയേട്ടന് ഒരു കൂട്ടുകൂടാനും കുശലം പറയാനും ആരുമില്ല. കണ്ണന്റെ അമ്മ പറഞ്ഞു കേട്ടിട്ടുണ്ട് ചെറുപ്പത്തിൽ ഉണ്ണിയേട്ടൻ മിടുക്കൻ കുട്ടിയായിരുന്നു എന്ന്. കോളേജിൽ ഉന്നത പഠനത്തിന് പോയശേഷം ഉണ്ണിയേട്ടൻ മയക്കുമരുന്നിനടിമപ്പെട്ടു എന്നും അതേ തുടർന്ന് അധികൃതർ ഉണ്ണിയേട്ടനെ വീട്ടിലേക്ക് വിട്ടുവെന്നും. അമ്മ കണ്ണനെ വിലക്കിയിട്ടുണ്ട് ഉണ്ണിയേട്ടന്റെ അടുത്തു പോകുന്നതിന്. പക്ഷേ കണ്ണന് ഉണ്ണിയേട്ടനെ കാണുമ്പോൾ സങ്കടം വരും. അവന് ഉണ്ണിയേട്ടനെ പാടത്തും പറമ്പിലും കുട്ട്യോൾടെ കൂടെ കളിക്കാനുമെല്ലാം കൊണ്ടോണം എന്നുണ്ട്. അമ്മയെ പേടിച്ച് അവൻ മിണ്ടാതെ തലകുനിച്ചു നടക്കും, മാഞ്ചോടു മുതൽ ഉണ്ണിയേട്ടന്റെ ദൃഷ്ടി മറയുന്നിടം വരെ.

എടാ നോക്കിക്കേ! നിങ്ങൾ കണ്ടോ? എന്ന കുരുത്തം കേട്ട കുര്യന്റെ ചോദ്യം കേട്ടാണ് എല്ലാവരും ഒന്നു നിന്നത്. കുര്യന്റെ കണ്ണ് മംഗോമ്പിലെ ഓലകൾക്കിടയിൽ ഇളകിയാടുന്ന പഴുത്ത മൂവാണ്ടൻ മാമ്പഴത്തിന്മേലാണ്. ശ്രമപ്പെട്ടു കുര്യൻ അത് എല്ലാവരെയും കാണിച്ചു കൊടുക്കുന്നുമുണ്ട്. ലാലുകുട്ടൻ കുര്യനോട് എറിഞ്ഞാലോ എന്ന് ചോദിച്ചതും തലവൻ

ഗൗരവത്തോടെ തിരിഞ്ഞൊന്നു നോക്കി. സംഘം കൊതിയോടെ മാമ്പഴത്തിന് ദൃഷ്ടിപ്പെടാതിരിക്കാൻ കണ്ണുകൾ കൊണ്ട് പൊട്ടു കുത്തി നടപ്പുതുടർന്നു. പക്ഷേ കുര്യൻ താഴെക്കിടന്ന് പരന്ന കല്ലെടുത്ത് ദ്രോണരെ മനസ്സിൽ സ്മരിച്ചു മാമ്പഴക്കൂട്ടത്തിന് നേരെ മാമ്പഴാസ്ത്രം പ്രയോഗിച്ചു. ദ്രോണരുടെ കൃപ കൊണ്ടോ കുര്യന്റെ ഭാഗ്യം കൊണ്ടോ തിളങ്ങുന്ന ആ മഞ്ഞ സ്വർണ്ണം ന്യൂട്ടന്റെ ഗുരുത്വാകർഷണ നിയമം തെറ്റിക്കാതെ ഓലയിൽ തട്ടി കീഴേ നിന്ന വാഴയിലയിലൂടെ ഉരുണ്ട് ഉണ്ണിയേട്ടന്റെ മുന്നിൽ പോയി കുര്യനെ നോക്കി പല്ലിളിച്ചു നിന്നു. ഉണ്ണിയേട്ടൻ പതിയെ തലപൊക്കി ഞങ്ങളെ നോക്കി. കുട്ടിപ്പട്ടാളം മനസ്സിൽ കൊതിയോടെ എന്നാൽ ഭയത്തോടെ അവിടെ നിന്നും ഓടിയകന്നു. ലോകകാര്യങ്ങളും നാട്ടുകാര്യങ്ങളും സ്കൂൾ വിശേഷങ്ങളും എല്ലാം പങ്കുവെച്ചാണ് നടപ്പ്. നടക്കുന്ന വഴിയാണ് പ്രസിദ്ധമായ പടപ്പൻ ചിറ. ഗ്രാമത്തിലെ എല്ലാ കുട്ടികളുടെയും നീന്തൽ ഗുരുകുലം ആയിരുന്നു ആ കുളം. കാണുമ്പോൾ പച്ച നിറവും കൈക്കുമ്പിളിൽ കോരുമ്പോൾ നിറം ഇല്ലാതാക്കാനും ഉള്ള മാന്ത്രിക വിദ്യ അറിയാമായിരുന്നു ആ ചിറയ്ക്ക്. അവിടെ എപ്പോഴും കാണും ഒരു കൂട്ടം ചേച്ചിമാർ, അലക്ക് കുളി എല്ലാമുണ്ടവിടെ. കുളത്തിൽ കാൽ വച്ചാൽ പരൽ മീനുകൾ വന്ന് ഇക്കിളി വെക്കും, തിരികെയെന്നു തൊടാൻ അനുവദിക്കാറുമില്ല. കുളത്തിനഭിമുഖമാണ് രാമകൃഷ്ണൻ ചേട്ടന്റെ വീട്. കുളത്തിൽ ആളെത്തിയാൽ ഉമ്മറത്ത് പത്രം വായന തുടങ്ങും രാമകൃഷ്ണേട്ടൻ. പെട്ടെന്ന് ഒരു ഓല മടൽ വന്ന് കുളത്തിലേക്ക് പതിച്ചത് കണ്ട് എല്ലാവരും ഭയന്നു മാറി. മേലോട്ട് നോക്കിയപ്പോ തേങ്ങയും പൂക്കുലയും ഇല്ലാത്ത തെങ്ങിന്റെ മേലെ നിന്ന് തെക്കേലെ രാജൻ തിരക്കിട്ട് ഇറങ്ങിപ്പോകുന്നു. ചേച്ചിമാർ എന്തിനാണോ ഉച്ചത്തിൽ ചിരിച്ചതെന്ന് കണ്ണന് മനസ്സിലായില്ല.

പള്ളിക്കൂടത്തിലെത്തിയ മുതൽ നാലുമണിയുടെ മണിനാദത്തിനായി കാത്തിരിപ്പ് തുടങ്ങിയ കണ്ണൻ. നാലുമണിക്ക് കുമാരേട്ടൻ, ഇരുമ്പ് കഷ്ണത്തിൽ താളത്തിൽ സ്വാതന്ത്ര്യ പ്രഖ്യാപനം നടത്തിയ ഉടനെ വെള്ളത്തിലിട്ട മഞ്ഞപ്പൊടി കണക്കെ കുട്ടികൾ നാലുപാടും ചിതറിയോടി. പോയ വഴിയെല്ലാം താണ്ടി തിരിച്ചു വീട്ടിലേക്ക് എടുത്തപ്പോൾ ഉണ്ണിയേട്ടന്റെ വീടിനടുത്ത് പോലീസ് ജീപ്പും നാട്ടുക്കൂട്ടവും. ആകാംക്ഷയോടെ കാര്യം അറിയാൻ അവരും ചെന്നു. എല്ലാവരും ഇടയ്ക്കിടെ പോയി ജനാലയിലൂടെ നോക്കുന്നു മാറി നിന്ന് സംസാരിക്കുന്നു. കുട്ടികളുടെ കൗതുകത്താൽ അവരും പോയി നോക്കി. ഉണ്ണിയേട്ടൻ മുറിയിലെ ഫാനിൽ മേൽ ഒരു മഞ്ഞക്കയറിൽ നീല നിറത്തിലുള്ള അടിവസ്ത്രം ധരിച്ച് നാക്ക് പുറത്തേക്കിട്ടു ജനാലക്കലേക്ക് തുറിച്ചു നോക്കി നിൽക്കുന്നു. കണ്ണൻ ഒന്നുകൂടി ഏന്തി നോക്കി, ഇല്ല! കാലുകൾ നിലത്തു മുട്ടിയിട്ടില്ല. നീല നിറമുള്ള നിക്കർ നനഞ്ഞിട്ടുമുണ്ട്. അവിടെനിന്ന പോലീസുകാരൻ പൊടുന്നനെ എല്ലാവരെയും നീക്കി കാവലാളായി ഉണ്ണിയേട്ടന്. ഉമ്മറത്ത് എത്തിയപ്പോൾ ഉണ്ണിയേട്ടന്റെ അമ്മ കരയുന്നു, എല്ലാ അമ്മമാരും അവരെ ആശ്വസിപ്പിക്കാൻ ശ്രമിക്കുന്നു. ഇനിയുള്ള നാളുകളിൽ മുറ്റത്തെ മാവിന്റെ ഇലകൾ എണ്ണാൻ ഉണ്ണിയേട്ടൻ ഉണ്ടാകില്ല എന്ന് കണ്ണന്റെ കുഞ്ഞു മനസ്സും മനസ്സിലാക്കി.

രാവിലെ അവരെ നോക്കി ചിരിച്ച മാമ്പഴം ഒരു ഇലയിൽ ഉമ്മറത്തെ അരമതലിൽ ഉറങ്ങുന്നുണ്ടായിരുന്നു. വൈകീട്ട് സ്കൂൾ കഴിഞ്ഞു വരുമ്പോൾ തരാൻ ഉണ്ണിയേട്ടൻ വെച്ചതായിരിക്കുമോ അത്? തങ്ങളോടൊത്ത് കൂട്ടുകൂടാൻ ആഗ്രഹിച്ചിരുന്നോ ഉണ്ണിയേട്ടൻ? ഒരുപക്ഷേ കൂടിയിരുന്നെങ്കിൽ, ഇനിവരുന്ന മാമ്പഴക്കാലത്തും ഉണ്ണിയേട്ടൻ ഉണ്ടാകുമായിരുന്നോ അവിടെ കയ്യ് നിറയെ മാമ്പഴങ്ങളുമായി കണ്ണനെ കാത്ത്...


SINCE 1958 Enhancing Food Experience
HOUSE BRAND
HOUSE BRAND
ENHANCING FOOD EXPERIENCE
SINCE 1958
HOUSE BRAND
BATTER MIX AVAILABLE
IN 1KG & 5KG PACK
NET WT: 1KG
250g FREE
CRISPY
DOSA&VADA
SOFT
IDLY
Idly Dosa Batter
Ready to use wet batter mix
இட்லி தோசை மாவு
Vada Batter
Ready to use wet batter mix
வடை மாவு
Ragi Dosa Batter
Ready to use wet batter mix
K.N.P Trading Private Limited
in association with
Suriya Trading Enterprises (S) Pte. Ltd
50 Senoko Drive, Singapore 758232
Tel: 62573712 | www.knp-housebrand.com
HALAL SINGAPORE
READY TO COOK \ IDLI - DOSA BATTER \ SPICES \ RICE \ FLOURS \ DHALS AND BEANS \ INSTANT MIXES \ GROUND SPICES \ DRY FRUITS



# unknowingly

Unknowingly, you came and sat beside me...
As if you'd known me for a hundred years
Unknowingly, your  hand came to rest on my lap
To bloom as a lotus red...

While you sit beside me so close,
Unfolding unknown tales one by one,
Unknowingly, my eyes begin to fill,
And I sit, not knowing what stirs them so.

As I close my eyes in the heady warmth
Of your flowing hair, soft against my face,
Unknowingly — like a daydream fading —
To which distant shore did you fly away?

---

*(Translated from the Malayalam original “Ariyathe” by Shri Rajan Kailas)*



**Dr. Jayasree Ramakrishnan Nair**

കവിത



# വേനൽ



സുസ്മിത കമൽ

വേനലിന്റെ നിറം ചുവപ്പാണ്
വാകമരപ്പൂവിന്റെ, തെനിറ്റുവീഴുന്ന
വരിക്കച്ചക്കയുടെ
പെയ്തുവീഴുന്ന നാട്ടുമാങ്ങയുടെ
നീലം കലർത്തിയ ഞാവല്പഴത്തിന്റെ
വേനൽ....

വേനലിന്റെ ശബ്ദം പൂരങ്ങളുടെതാണ്;
കൊയ്ത്തുകഴിഞ്ഞ പാടത്തെ
നെന്മാറ വല്ലങ്ങി വേലയുടെ,
വായ്ത്താരികളുടെ,
ചെണ്ടമേളത്തിന്റെ ശബ്ദം...

വേനലിന്റെ ഗന്ധം
കരിമരുന്നിന്റെതാണ്, ആനയുടെതാണ്
കളഭക്കൂട്ടത്തിന്റെതാണ്,
കത്തുന്ന നെയ്യിന്റെതാണ്...

വേനലിന്റെ രുചി
ചെത്തിയിട്ട പച്ചമാങ്ങയുടെ
എരിവുകലർന്ന  പുളിപ്പാണ്...
നിറഞ്ഞുപഴുക്കും പഴങ്ങളുടെ,
പായസത്തിന്റെ
മധുരമാണ്...
പെസഹാപ്പത്തിന്റെ
പുളിപ്പിലായ്മയാണ്...

വേനലിന്റെ കാഴ്ച
കുടമാറ്റത്തിന്റെതാണ് ;
പത്തുമണിപ്പൂവിന്റെ
മന്ദാരത്തിന്റെ
നിറഞ്ഞുപൂക്കും മാമ്പൂവിന്റെ
ആനച്ചമയത്തിന്റെ
വേനൽ..

പിന്നീട്... കാലംതെറ്റിപെയ്ത
ലഹരിപ്പെരുമഴയിൽ ചോര ചിന്തിയ വേനൽ
സോഡിയം ലാമ്പിന്റെ മുഖച്ചുളിവുകളിൽ
മെർക്കുറി വെട്ടത്തിന്റെ
നരവീണ മുടിയിൽ
ഈറനണിഞ്ഞ വേനൽ...
കോൺക്രീറ്റ് കൂടുകളിൽ
അനാഥമാക്കപ്പെട്ട വാർദ്ധക്യത്തിന്റെ
വേനൽ....

വിയർത്തു നനഞ്ഞ പാതിയുറക്കത്തിൽ
നഷ്ട ബാല്യത്തിന്റെ
അല്പവിരാമമായി,
വേനൽ....





Nysha Anish

# Midnight become my afternoon

Insight of midnight,
No noise,no rush
My thoughts lines up into note
And ideas shine brighter
Streetlights hover like tiny stars
The sky comes closer and
Whispers - “nothing to hurry”
The wind softens, gentle as cushion
A space where books opens easily
Waiting only to be written
The calm deepens - soft and steady,
Guiding me into the peaceful serene
That feels almost like being understood...



കഥ



പാളയം മസൂദ്

# ജന്നാത്തുൽ ഫിർദൗസിന്റെ മണമുള്ള കത്ത്



ഗ്രാമത്തിലെ തോടിനരികിലുള്ള മൂന്നാമത്തെ വീടായിരുന്നു മജീദിന്റേത്. ചെമ്പരത്തിവേലി കെട്ടി അതിർത്തി തിരിച്ച ചെറിയൊരു പറമ്പ്. നടുവിൽ കാലത്തിന്റെ കരുവാളിപ്പും മഴയുടെ പാടുകളും ചുമന്നുനിന്ന ഒരു ഓടുമേഞ്ഞ വീട്. ആ വീട്ടിൽനിന്ന് അല്പം മുന്നോട്ട് ചെന്നാൽ മറ്റൊരു വീട്. നിറയെ മാമ്പഴം ചുമന്നുനിൽക്കുന്ന ഒരു കൂറ്റൻ മാവായിരുന്നു അതിന്റെ അടയാളം. ആ മാവിന്റെ തണലിൽനിന്ന് പലപ്പോഴും മുംതാസ് ആ വഴിയിലേക്ക് നോക്കിയിരിക്കും.

രണ്ട് വീടുകൾക്കുമിടയിൽ വലിയ ദൂരം ഉണ്ടായിരുന്നില്ല. പക്ഷേ ഒരുകാലത്ത് ആ ചെറിയ ദൂരംതന്നെ രണ്ട് ഹൃദയങ്ങൾക്കിടയിൽ പടർന്നുകിടന്ന ഒരു അദൃശ്യ ലോകമായിരുന്നു. ആരും കാണാത്ത, ആരും അറിയാത്ത, പക്ഷേ അവരുടെ ശ്വാസത്തിന്റെ ചൂടിൽ ജീവിച്ചിരുന്ന ഒരു ലോകം.
മഴയിൽ കുതിർന്ന് കളിച്ച ബാല്യത്തിന്റെ വൈകുന്നേരങ്ങളും, മാമ്പഴം പങ്കിട്ടു കഴിച്ച ഉച്ചതിരിഞ്ഞുകളുമാണ് ആദ്യം അവരുടെ മനസ്സുകളെ തമ്മിലടുപ്പിച്ചത്. മദ്രസയിലേക്കുള്ള വഴിയിൽ ഒപ്പം നടന്ന ചെറിയ ദൂരം പോലും അന്ന് അവർക്കൊരു വലിയ യാത്രയായിരുന്നു.

മദ്രസയിൽ ഒരിക്കൽ ഉസ്താദ് സ്വർഗത്തിലെ സിദ്റത്തുൽ മുൻതഹയെ കുറിച്ച് പറഞ്ഞിരുന്നു. ആ വൃക്ഷത്തിന്റെ മഹിമയും അതിന്റെ അതിർത്തിക്കപ്പുറമുള്ള ദൈവിക നിശ്ശബ്ദതയും ഉസ്താദ് കാഴ്ചപോലെ പറയുമ്പോൾ, മജീദിന്റെ കണ്ണുകൾ മുംതാസിന്റെ മുഖത്തായിരുന്നു. അവന്റെ നോട്ടത്തിന്റെ ചൂട് താങ്ങാനാവാതെ അവൾ തലതാഴ്ത്തി. ആ നിമിഷത്തിൽ ഉസ്താദ് പറഞ്ഞ സ്വർഗം എവിടെയോ മുകളിലല്ല, തന്റെ അരികിലാണെന്ന് മജീദിന് തോന്നിയിരിക്കണം.

കാലം കടന്നുപോകുമ്പോൾ ശരീരങ്ങൾക്കൊപ്പം വീടുകളും നിയമങ്ങളും മതിലുകളും കൂടെ വളരും. മുംതാസ് ഋതുമതിയായതിനു ശേഷം അവളുടെ നടപ്പിന്റെ പരിധി വീടിന്റെ വളപ്പിനുള്ളിലായി. ഒരിക്കൽ മാവിന്റെ മറവിൽനിന്ന് അവൾ മൃദുവായി പറഞ്ഞു.

“മജീദേ... ഞാനിപ്പോൾ വലിയ പെണ്ണായി...‘
ആ വാക്കിന്റെ മുഴുവൻ അർഥം അന്ന് മജീദിന് മനസ്സിലായോയെന്നറിയില്ല. പക്ഷേ അവൻ അപ്പോഴും അവളുടെ കണ്ണുകളിൽ തന്നെ മറന്നുവെച്ചവനായിരുന്നു. കാലം അവന്റെ തോളുകൾക്ക് പുരുഷഭാവം നൽകിയപ്പോഴും, മനസ്സിൽ അവൾ പതിയെ ഒരു തീരമില്ലാത്ത സ്നേഹക്കടലായി വളർന്നു.

ഇരുവരും അതിനെ മഹാരഹസ്യമാണെന്ന് കരുതിയെങ്കിലും പ്രണയം ഏറ്റവും ആദ്യം വെളിപ്പെടുന്നത് കണ്ണുകളിലൂടെയാണ്. ഒളിച്ചും പാത്തും മജീദ് ആ വഴിയിലൂടെ വരുന്ന ഓരോ തവണയും, അവൻറെ കണ്ണുകൾതന്നെ അവനെ ഒറ്റിക്കൊടുക്കും.

അലച്ചുകുത്തിപ്പെയ്യുന്ന മഴയിൽ, ചേമ്പില കൈയിലേന്തി, കാര്യമൊന്നുമില്ലാതെ മുംതാസിന്റെ വീടിനു മുൻപിലൂടെ നടന്ന്, നനഞ്ഞൊട്ടി ബസ്റ്റോപ്പിലെത്തുന്ന മജീദിനെ കണ്ട് കൂട്ടുകാർ കളിയാക്കി.
“പ്രേമത്താൽ മത്തായതാണ് നെനക്ക്, മജീദേ...‘
അവർ ചിരിച്ചുപറഞ്ഞ ആ കളിയാക്കലുകളിൽ അവൻ പങ്കുചേർന്നില്ല.
കാരണം മഴനൂലുകൾക്കിടയിലൂടെ ഒരു മുഖം മാത്രം അവന്റെ മനസ്സിൽ തെളിഞ്ഞുനിന്നിരുന്നു. പുറത്തു പെയ്തത് മഴയായിരുന്നു; ഉള്ളിൽ പെയ്തത് പ്രണയമായിരുന്നു. ആ സംഗീതം കേട്ടത് അവൻ മാത്രമാണ്.

മജീദിന്റെ നടപ്പിന്റെ ശബ്ദം മുംതാസിന്റെ വീട്ടുകാർക്കും പരിചിതമായിരുന്നു. അവൻ ആ വഴിയിലൂടെ കടന്നുപോകുമ്പോൾ മുറ്റത്ത് നിന്നിരുന്ന ഉമ്മ ഒന്ന് തലപൊക്കി നോക്കും. ഇത്താമാർ തമ്മിൽ കണ്ണോട്ടം മാറും. ഒന്നും തുറന്നുപറഞ്ഞില്ലെങ്കിലും, നിഷേധിക്കാത്ത ഒരു ചെറുസമ്മതം ആ വീട്ടിലെ വായുവിൽത്തന്നെ കലർന്നിരുന്നു. മുംതാസിന്റെ സഹോദരൻ യാസിൻ ഇതെല്ലാം മനസ്സിലാക്കിയവനായിരുന്നു. ഇടയ്ക്കിടെ അവൻ കളിയോടെ ചോദിക്കും:
‘ആ വഴിയിലോട്ട് ഇന്നെന്താ ഇത്ര നോക്കുന്നത്?‘
അവൾ നാണത്താൽ തലവെട്ടിക്കും. അല്ലെങ്കിൽ ഒരു തറുതല മറുപടി പറഞ്ഞു ഒഴിഞ്ഞുമാറാൻ നോക്കും. അപ്പോൾ അവൻ ചിരിച്ചുകൊണ്ട് വീണ്ടും പറയും.
‘മജീദ് ഇന്ന് രണ്ടുതവണ പോയി... കണ്ടില്ലേ?‘

അത് കേൾക്കുമ്പോൾ മുംതാസിന്റെ ഹൃദയം അപ്രതീക്ഷിതമായി ചെറുപക്ഷിയെപ്പോലെ പിടഞ്ഞുപറക്കും. നെഞ്ചിനുള്ളിൽ ആരോ അറബന മുട്ടുന്നതുപോലെ തോന്നും. പക്ഷേ യാസിന്റെ കളിയാക്കലിൽ പരിഹാസമുണ്ടായിരുന്നില്ല; ഒരു സഹോദരന്റെ കരുതൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

എന്നാൽ എല്ലാ പ്രണയങ്ങൾക്കും വഴിയൊരുക്കുന്ന വീടുകൾ കുറവാണ്. അവരുടെ പ്രണയത്തിന് മുന്നിൽ ഒരു കഠിന നിഴലായി നിന്നത് മുംതാസിന്റെ മാമയായിരുന്നു. ആ തറവാട്ടിൽ അയാൾക്കെതിരെ സംസാരിക്കാൻ ആർക്കും ധൈര്യമുണ്ടായിരുന്നില്ല. അയാളുടെ ശബ്ദം ഉയരുമ്പോൾ, വീടിനുള്ളിലെ മറ്റു ശബ്ദങ്ങൾ എല്ലാം പതുങ്ങിപ്പോകുമായിരുന്നു.

പക്ഷേ അവരുടെ ഇടയിൽ മറ്റൊരാൾ ഉണ്ടായിരുന്നു—മജീദിന്റെ അനിയത്തി ഷഹാന. ചെറുപ്പം. കുഴപ്പക്കാരി. പക്ഷേ ഈ സ്നേഹത്തിന്റെ ഏറ്റവും വിശ്വസ്തമായ കാവൽക്കാരിയായിരുന്നു അവൾ.

ഒരിക്കൽ മജീദ് ഒരു ഒറ്റവരി കത്ത് എഴുതി:
“സുഖമാണോ...?‘
ആ കത്ത് മുംതാസിന്റെ കൈയിലെത്തിച്ചത് ഷഹാനയായിരുന്നു. കത്ത് കൈമാറുമ്പോൾ അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു:
‘ഇത്താ... ആരോ കൊടുത്തതാണ്...”
മുംതാസിന്റെ മുഖത്ത് ഒരു കള്ളച്ചിരി വിടർന്നു.
‘ആരോ ആണോ...?‘
“എനിക്കെല്ലാം അറിയാം... പക്ഷേ മാമ കാണണ്ട...‘
അതായായിരുന്നു തുടക്കം. പക്ഷേ അതിനുശേഷം കത്തുകളുടെ ഒരു നിശ്ശബ്ദ യാത്ര തുടങ്ങി. മജീദിൽനിന്ന് മുംതാസിലേക്ക്. മുംതാസിൽനിന്ന് മജീദിലേക്ക്. പറയാനാവാത്തതെല്ലാം കടലാസുകളുടെ മടക്കുകളിൽ സൂക്ഷിച്ചുകൊണ്ടുള്ള രഹസ്യ സഞ്ചാരം.
ഒരിക്കൽ മുംതാസ് മജീദിന് ഒരു ചെറിയ മരപ്പെട്ടി നൽകി. അവളുടെ ഉപ്പ കൊണ്ടുവന്ന ചിത്രപ്പണികളുള്ള, കനം കുറഞ്ഞ, അതീവ സുന്ദരമായ ഒരു കുഞ്ഞുപെട്ടി. അത് തുറന്ന നിമിഷം ജന്നാത്തുൽ ഫിർദൌസ് അത്തറിന്റെ മണം പരന്നു. മജീദ് അതിനെ ഒരു വസ്തുവായി സൂക്ഷിച്ചില്ല; ഒരു കാലഘട്ടത്തിന്റെ ഹൃദയമായി സൂക്ഷിച്ചു.

ഒരു വൈകുന്നേരം, ജാലകത്തിനരികിൽ നിന്നുകൊണ്ട് മുംതാസ് മജീദിനെയും ഷഹാനയെയും വരുന്നത് കണ്ടു. മുറിയിൽനിന്നിറങ്ങി വേലിക്കരികിലേക്ക് ചെല്ലാൻ തോന്നി. പക്ഷേ മുറ്റത്ത് നിന്നിരുന്ന മാമയുടെ നിഴൽ അവളുടെ കാലുകളെ നിശ്ചലമാക്കി. അപ്പോൾ മജീദിനോട് ഷഹാന മന്ദമായി പറഞ്ഞു:
'ഞാൻ ഇല്ലെങ്കിൽ നിങ്ങൾക്ക് സംസാരിക്കാനേ പറ്റില്ലല്ലോ..."

അത് കേൾക്കാതെ കേട്ടതുപോലെ മുംതാസ് ലജ്ജിച്ചു. ആ ലജ്ജയുടെ ചുവപ്പ് യാസിന്റെ കണ്ണിൽനിന്ന് മറഞ്ഞില്ല.
കാലം വീണ്ടും മുന്നോട്ടുപോയി. ഇരുവർക്കും പത്തൊമ്പത് തികഞ്ഞിരുന്നു. പക്ഷേ മജീദിന് അന്നും ഉറച്ചൊരു ജോലി കിട്ടിയിരുന്നില്ല. നാളെയെന്ന വാക്ക് തന്നെയവന് അന്ന് ഒരു മങ്ങിയ രൂപമായിരുന്നു. അത്തരം സമയത്താണ് മുംതാസിനായി ഒരു നല്ല ആലോചന വരുന്നത്. അകന്ന ബന്ധുവഴി വന്ന ആ ആലോചനയെക്കുറിച്ച് അന്വേഷിക്കാൻ മാമ ആളെയേർപ്പാടാക്കി.
"ഇനി വൈകിക്കേണ്ട...'

ആ തീരുമാനം കേട്ട നിമിഷം മുതൽ മുംതാസിൻറെ ഉള്ളിൽ എന്തോ പതിയെ തകർന്നുതുടങ്ങി. ഒന്നു കരയാൻപോലും അവൾക്ക് കഴിഞ്ഞില്ല. ചില ദുഃഖങ്ങൾ കണ്ണീരാകാറില്ല; അവ ഉള്ളിൽത്തന്നെ കല്ലായി കിടക്കും. മറ്റുള്ളവർക്കുവേണ്ടി സ്വന്തം പ്രണയം ഉപേക്ഷിക്കേണ്ടി വരുന്ന പെൺകുട്ടികളുടെ മൗനത്തിന് ശബ്ദമില്ല. അവൾ മജീദിന് ഒരു കത്തെഴുതണമെന്നു വിചാരിച്ചു. പക്ഷേ അതിനും കഴിഞ്ഞില്ല. ഞാൻ കാത്തിരിക്കും എന്ന് പറഞ്ഞ് സ്വന്തം ജീവിതം നിർത്തിവെക്കാൻ അവൾക്കവകാശവുമില്ലായിരുന്നു, ധൈര്യവുമില്ലായിരുന്നു.

എങ്കിലും മറക്കാൻ കഴിഞ്ഞില്ല. തനിക്കുമാത്രം തുറക്കാനാകുന്ന ഒരു രഹസ്യ ഹൃദയവാതിലിനുള്ളിൽ, വിരഹത്തിന്റെ ഒരു നദിയിൽ, അവൾ മജീദിനെ ഒരു തിരയായി ഒളിപ്പിച്ചു.

ഒന്നും പറഞ്ഞില്ലെങ്കിലും അവളുടെ നിസ്സഹായത മജീദിന് മനസ്സിലാവുമായിരുന്നു. അതുകൊണ്ടായിരുന്നു അവരുടെ പിരിയലിൽ പരാതികളില്ലാതിരുന്നത്. കുറ്റപ്പെടുത്തലുകളില്ലാതിരുന്നത്. വാക്കുകളായി പുറപ്പെടാതെ പോയ വേദനകൾ മാത്രം അവശേഷിച്ചു.

മജീദിനെ ഒരിക്കൽകൂടെ കാണണമെന്ന് മുംതാസ് അപേക്ഷിച്ചപ്പോൾ, യാസിന് അതു തള്ളാനായില്ല. മാമയുടെ കണ്ണുവെട്ടിച്ച് അവൻ അവളെ കൂട്ടി തൊട്ടടുത്തുള്ള കുന്നിൻപുറത്തേക്ക് കൊണ്ടുപോയി. മുൻകൂട്ടി പറഞ്ഞിരുന്നതിനാൽ മജീദും എത്തിയിരുന്നു.ആ കൂടിക്കാഴ്ചയിൽ സമയം പോലും മന്ദഗതിയിൽ നടന്നിരിക്കണം.

പിരിയേണ്ട നിമിഷം വന്നപ്പോൾ ഇരുവരും കുറച്ചുനേരം ഒന്നും പറയാതെ നിന്നു. മുംതാസിന്റെ കണ്ണുകളിൽ തടഞ്ഞുവെച്ച കണ്ണുനീർ നിറഞ്ഞിരുന്നു. മജീദിന്റെ മൗനത്തിൽ തകർന്നുപോകുന്ന ഹൃദയത്തിന്റെ ശബ്ദം ഉണ്ടായിരുന്നു.

അവസാനമായി അവർ ആലിംഗനം ചെയ്തു. നെറുകയിലൊരു സ്നേഹചുംബനത്തിൽ, പറഞ്ഞുപോവാൻ കഴിഞ്ഞില്ലാത്ത മുഴുവൻ സ്നേഹവും, ജീവിക്കാനാകാതെ പോയ മുഴുവൻ സ്വപ്നവും ഒതുക്കിവെച്ചു. പിന്നെ, തങ്ങളുടെ മുഴുവൻ വിഷമവും ഉള്ളിലൊതുക്കി, രണ്ട് ദിശകളിലേക്ക് നടന്നു.
വൈകാതെ മുംതാസ് പാലക്കാട്ടേക്ക് പോയി.

തങ്ങൾ ഒരിക്കൽ ഒപ്പം നടന്ന വഴിയിലൂടെ നടക്കുമ്പോൾ, സ്വന്തം കാൽച്ചുവടുകൾ പോലും മജീദിന് ഭാരമായി തോന്നി. അന്നേദിവസം യാസിനും അസാധാരണമായി മൗനമായിരുന്നു. ചില വേർപാടുകളിൽ വാക്കുകൾ അനാവശ്യമായി മാറും.

കാലം പിന്നെ കാറ്റിന്റെ വേഗത്തിൽ കടന്നുപോയി. കുറച്ച് നാൾക്കു ശേഷം മജീദ് ഗൾഫിലേക്ക് പോയി. മൂന്നാം വർഷം ഷഹാനയുടെ വിവാഹം നടന്നു. ജീവിതം എല്ലാവരെയും അവരവരുടെ വഴികളിലൂടെ കൊണ്ടുപോയി. അതിനിടെയാണ് യാസിൻ അപ്രതീക്ഷിതമായി മരണത്തിന്റെ പിടിയിലകപ്പെടുന്നത്.

പെരുമഴയും കാറ്റും കൂടിയ ഒരു ദിവസമായിരുന്നു അത്. പെട്ടെന്നൊരു നെഞ്ചുവേദന. ആശുപത്രിയിലെത്തിച്ചെങ്കിലും അതിന് മുമ്പേ അവൻ മടങ്ങിയിരുന്നു. മരിച്ചുകിടക്കുമ്പോഴും അവന്റെ മുഖത്ത് ഒരു പുഞ്ചിരിയുണ്ടായിരുന്നുവെന്ന് എല്ലാവരും പറഞ്ഞു. ജീവനോടെ ഇരിക്കുമ്പോൾ പോലെ തന്നെ, മറ്റുള്ളവരുടെ രഹസ്യവേദനകളെ സ്വന്തം മൗനത്തിൽ വഹിച്ചുകൊണ്ടായിരിക്കണം അവൻ പോയത്.

വളരെ വൈകിയാണ് ഷഹാനയുടെ ഒരു കത്തും കാസറ്റും മജീദിന് കിട്ടിയത്. അപ്പോഴാണ് യാസിന്റെ മരണവാർത്ത അവൻ അറിഞ്ഞത്. അന്നു രാത്രി റൂമിൽ ഒറ്റയ്ക്കിരുന്ന് മജീദ് പൊട്ടിക്കരഞ്ഞു. ചില

മനുഷ്യരെ നമ്മൾ സ്നേഹിച്ചതിനാലല്ല മാത്രം കരയുന്നത്; നമ്മുടെയൊരു കാലം അവരോടൊപ്പം മണ്ണടിയുന്നതുകൊണ്ടാണ്. ഷഹാനയുടെ കത്തുകളിലും കാസറ്റുകളിലും ഇടയ്ക്കിടെ മുംതാസിന്റെ വിവരങ്ങളും ഉണ്ടായിരുന്നു.

'ഇത്താ സുഖമാണെന്ന് പറഞ്ഞു…"

'രണ്ടാമതും പ്രസവിച്ചു, പെൺകുട്ടിയാണ്…'

"ഗൾഫിലേക്ക് പോകുന്നെന്നു കേട്ടു…'

"അവൻ നല്ല ജോലിയിലാണ്…"

ജീവിതം മുന്നോട്ടുപോയി. പേരുകൾ മാറി. ബന്ധങ്ങൾ വളർന്നു. വീടുകൾ പുനർനിർമിച്ചു. പക്ഷേ ചില ഓർമകൾ മാത്രം പഴയ ജനൽപ്പാളികളിൽ പായലു പോലെ മായാതെ നിന്നു.

വർഷങ്ങൾക്കുശേഷം, ഗൾഫിലെ ഒരു മലയാളി കുടുംബസംഗമത്തിലാണ് അവർ വീണ്ടും കണ്ടുമുട്ടിയത്.
മുംതാസാണ് ആദ്യം അവനെ കണ്ടത്.
ഒരു നിമിഷം സമയം നിശ്ചലമായതുപോലെ അവൾക്ക് തോന്നി.
തൻറെ മുന്നിൽ, കുടുംബത്തോടൊപ്പം നിൽക്കുന്ന മജീദ്.
അവനും അവളെ കണ്ടു.അവർ അപ്പോൾ പഴയ ഗ്രാമത്തിലെ രണ്ട് കൗമാരഹൃദയങ്ങൾ ആയിരുന്നില്ല. ജീവിതം കണ്ടവർ, കുടുംബം നേടിയവർ, ഉത്തരവാദിത്തങ്ങളുടെ ഭാരത്തിൽ പക്വമായവർ ആയിരുന്നു. എങ്കിലും ഉള്ളിന്റെ ഏറ്റവും അഗാധമായ ഒരു മൂലയിലോ, അവർ ഇപ്പോഴും ആ പഴയ വഴിയിലൂടെ പരസ്പരം നോക്കുന്ന ബാല്യഹൃദയങ്ങളായി തുടരുന്നുണ്ടായിരുന്നു.

മജീദ് മൃദുവായി ചോദിച്ചു:

"സുഖമാണോ…?'

മുംതാസ് പുഞ്ചിരിച്ചു.

'സുഖമാണ്… നിങ്ങളോ…?'

'അൽഹംദുലില്ലാഹ്…"

കുടുംബങ്ങൾ പരസ്പരം പരിചയപ്പെട്ടു. ചുറ്റും ശബ്ദങ്ങളും മുഖങ്ങളും ചിരികളും ഉണ്ടായിരുന്നു. പക്ഷേ അവരുടെ ഉള്ളിൽ മാത്രം പഴയ കത്തുകളുടെ കടലാസ് ശബ്ദം കേൾക്കാമായിരുന്നു. ജാലകത്തിനരികിലെ നോട്ടങ്ങൾ, മഴനാളുകൾ, ഷഹാനയുടെ ചെറുചിരി, യാസിന്റെ കളിയാക്കൽ—എല്ലാം ഒരു നിമിഷം വീണ്ടും ജീവിച്ചു. പക്ഷേ ഒന്നും വാക്കുകളായില്ല. കണ്ണീരായതുമില്ല. ചില വേദനകൾ കരയുന്നില്ല; അവ ചെറുചിരിയിലൂടെ മാത്രം ഒളിഞ്ഞുനിൽക്കും.

'ശരി…കാണാം…"

"ഇൻഷാ അല്ലാഹ്…"

അവർ വീണ്ടും രണ്ട് ദിശകളിലേക്ക് നടന്നു. പക്ഷേ രണ്ടാളുടെയും ഉള്ളിൽ ഒരു നേരിയ വിങ്ങലുണ്ടായിരുന്നു. അതോടൊപ്പം ഒരു സമാധാനവും. അവൾ സന്തോഷത്തോടെ ജീവിക്കുന്നു എന്നു കണ്ട ആശ്വാസം. അവൻ ജീവനൊടെയുണ്ടെന്ന അറിവിന്റെ മൃദുവായ നിറവ്.
കാറോടിക്കുമ്പോൾ മജീദിന്റെ മനസ്സ് വീണ്ടും പഴയ ഗ്രാമത്തിലേക്ക് തിരിഞ്ഞു—ചുവന്ന മണ്ണുവഴി, മാമ്പഴമരം, ജാലകത്തിനരികിലെ ഒരു മുഖം, കൈയിൽ കത്തുമായി ഓടുന്ന ഷഹാന…

വീട്ടിലെത്തിയ മുംതാസിന്റെയും അവസ്ഥ വേറെയായിരുന്നില്ല. തന്റെ ഉള്ളിൽ വളരെ പഴയൊരു വാതിൽ പതിയെ തുറക്കപ്പെട്ടതുപോലെ അവൾക്ക് തോന്നി. ഒന്നും തിരികെ വന്നില്ല. ഒന്നും പൂർണ്ണമായി നഷ്ടമായതുമില്ല. പക്ഷേ ഒരു കാലം, ഒരു നിമിഷത്തേക്കെങ്കിലും വീണ്ടും ജീവിച്ചു.

അപ്പോഴാണ് ഒരിക്കൽ ഷഹാന ഏൽപ്പിച്ചിരുന്ന ആ പഴയ പെട്ടിയെക്കുറിച്ച് അവൾ ഓർത്തത്. അലമാരയിൽ സൂക്ഷിച്ചിരുന്ന ചിത്രപ്പണികളുള്ള കുഞ്ഞു മരപ്പെട്ടി അവൾ പതിയെ തുറന്നു. പഴയ കത്തുകൾ. ചിലത് മങ്ങിയിരുന്നു. ചിലത് മടക്കുപാടുകൾ കൊണ്ട് പഴകിയിരുന്നു. പക്ഷേ അവയിൽ എഴുതപ്പെട്ട സ്നേഹം ഇന്നും മങ്ങിയിരുന്നില്ല. അവൾ ഒരു കത്ത് തുറന്നു.

ആദ്യവരി—

"സുഖമാണോ…?'

മുംതാസിന്റെ കണ്ണുകൾ നനഞ്ഞു.
മൃദുവായി, തനിക്കുതന്നെ കേൾക്കുന്ന ശബ്ദത്തിൽ അവൾ പറഞ്ഞു:

'സുഖമാണ്… നിന്റെ അസ്സാന്നിധ്യമൊഴികെ…'
ആ നിമിഷത്തിൽ വീണ്ടും ജന്നാത്തുൽ ഫിർദൌസിന്റെ മണം പരന്നു.

പുറത്ത് ഒരു തണുത്ത കാറ്റ് വീശി.

കവിത

# മാ നിഷാദാ



സ്വപ്നഭൂമിയിലെങ്ങും
പലായനത്തിന്റെ
നേർക്കാഴ്ചകൾ

ഹേതുവെന്തെന്നറിയാതെ
മൗനം മൊഴിയാക്കിയവർ

പച്ചമാംസം വെന്തെരിയുന്ന മണം
കെട്ടകാലത്തിന്റെ അടയാളമായി
മാറിയ നാളുകൾ

രാവുറങ്ങി വെളുക്കും മുന്നേ
എരിഞ്ഞടങ്ങിയ ജീവിതത്തിന്റെ
ബാക്കിപത്രങ്ങൾ

അമ്മതൻ മാറിന്റെ
ചൂടേറ്റു കുറുകേണ്ട
പിഞ്ചിളം മേനികൾ
മിസൈൽച്ചൂടിൽ
വെന്തുരുകിയ നിമിഷങ്ങൾ.

മാംസപിണ്ഡങ്ങൾക്കിടയിൽ
ജീവന്റെ ശേഷിപ്പ് തിരഞ്ഞതു കരഞ്ഞു
കണ്ണീരു വറ്റിയവർ

നിറയുന്ന മിഴികളും
വിതുമ്പുന്ന മൊഴികളും
ഹൃദയത്തിലേറ്റി സ്വപ്നഭൂമിയിൽ
ചേക്കേറിയവരുടെ
കരൾ വെന്ത ദിനരാത്രങ്ങൾ

അനാഥരെ ഉരുവാക്കുവാൻ
അംഗവൈകല്യങ്ങളെ പടച്ചുവെയ്ക്കാൻ,
സ്വപ്നങ്ങളെ തച്ചുടയ്ക്കാൻ
ഒരിക്കലും ജയം കാണാത്ത
യുദ്ധമിതെന്തിന് ?



സമീന യൂസഫ്

കവിത





# പുതിയൊരുവിത്ത്



ഡോ. ഇന്ദുലാൽ ജി

പച്ചയുടെ ഞരമ്പറുത്ത്
കരിങ്കല്ലുകൾ മുളപ്പിക്കുന്നു.
വീഴുന്ന ഓരോ മരത്തിലും
പിറക്കാനിരിക്കുന്ന ശ്വാസങ്ങൾ
പിടഞ്ഞുമരിക്കുന്നു.




ചോരവറ്റിയ പുഴയുടെ അടിത്തട്ടിൽ
വരണ്ട മീൻകണ്ണുകൾ.
മരക്കൊമ്പുകളില്ലാത്ത ആകാശത്ത്
വഴിയറിയാതെ ചില ചിറകുകൾ.
ഇതൊക്കെയും നോക്കി
മൗനം കുടിക്കുന്നൊരിടം.





ഇരുമ്പുപല്ലുകൾകൊണ്ട്
മലകളെ കാർന്നുതിന്നുമ്പോഴും,
വിശപ്പടങ്ങാത്ത ആർത്തികൾ.
ചുട്ടുപഴുത്ത ഭൂമിയുടെ നെഞ്ചിൽ
ചവിട്ടിനിൽക്കുമ്പോൾ
മറന്നുപോകുന്നൊരു സത്യം;
തോണ്ടിയെടുപ്പതൊക്കെയും
സ്വന്തം ശവക്കുഴികളാണ്



അവസാനത്തെ തളിരും കരിയുമ്പോൾ,
അവസാനത്തെ നീർത്തുള്ളിയും
വറ്റുമ്പോൾ,
വിണ്ടുകീറിയ ഭൂമിയുടെ ചുണ്ടുകളിൽ
ഒരുതുള്ളി നനവിനായുള്ള യാചനകൾ
കാറ്റിൽ വരണ്ടുപോകും.
മഴയെന്നത്, ആകാശത്ത് വരച്ചിട്ട
വെറുമൊരു വരണ്ട ഓർമ്മ മാത്രമാകും.



നിഴലുകൾപോലും വെന്തുരുകുന്ന
തീക്കാറ്റിന്റെ നെറുകയിൽ,
ദാഹിച്ചു മരിച്ചവരുടെ
അസ്ഥികൾക്കുമേൽ
ഏത് അധികാരത്തിന്റെ കിരീടമാണ്
ചൂടാൻ ബാക്കിയുണ്ടാവുക?



അളന്നുവച്ച അതിരുകൾക്കും
വെട്ടിപ്പിടിച്ച അഹങ്കാരങ്ങൾക്കും മീതെ
മരണം ഒരു പൊടിപടലമായി മൂടും.
ശ്വാസത്തിനായി വിലപേശുന്ന,
കൈപ്പിടിയിലൊതുക്കിയ ശൂന്യതയിൽ
മനുഷ്യനെന്നത് വെറുമൊരു
കഥയായി മാറുന്ന നാളെയുണ്ട്.



തിരിച്ചറിവുകളുടെ ആ ഇരുട്ടിൽ,
അടർന്നുവീഴുന്ന ചാരത്തിൽനിന്നും
ഭൂമി നിശ്ശബ്ദമായി
പുതിയൊരു വിത്ത് പാകും.
മനുഷ്യരാരും അവശേഷിക്കാത്ത
ഭൂമിയിൽ
അത് പ്രതീക്ഷയുടെ
പൊൻതിരിനാളമാകും

# THANKS

MIS
Singapore Malayalees

The place where Malayalees in Singapore Stay Connected

www.sgmalayalees.com